# പരാജയങ്ങളുടെ ഒരു രേഖ

പല വിജയങ്ങളും പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടു ത്തുന്നു, വീണ്ടെടുപ്പിനെ സംബന്ധിച്ചു ചില നിത്യമായ പാഠങ്ങൾ തരുന്ന ചില പരാജയങ്ങളെ കണ്ടില്ലെന്നു നടിക്കുന്നുമില്ല. വളരെ മനോ ഹരമായ പല സംഭവങ്ങളും ഈ പുസ്തകം നല്കുമ്പോൾ ചിലപ്പോൾ നിരാശകൾ മറന്നുപോകാനും സാദ്ധ്യതയുണ്ട് – ഇരുണ്ട പരാജയങ്ങ ളും – അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്.

മുൻപുള്ള പുസ്തകത്തിലെ സംഭവങ്ങൾ എല്ലാം തന്നെ മുൻപോട്ടു പ്രവൃത്തികളുടെ പുസ്തകത്തിലേക്കു വിരൽ ചൂണ്ടുന്നു. പഴയ നിയമത്തിലെ മുപ്പത്തി – ഒമ്പതു പുസ്തകങ്ങളും, ഒരുമിച്ചു വായിച്ചാൽ, തീർച്ചയായും പ്രതീക്ഷകൾ തരുന്നു: ദൈവം അബ്രഹാമിനു വാഗ്ദാനങ്ങൾ നല്കി (ഉല്പത്തി 12:1–3; 22:17, 18); അവൻ മോശെയോടും യിസ്രായേൽ ജനത്തോടും മോശെയെപോലെ ഒരു പ്രവാചകനെ അവർക്കു നല്കും എന്നു പറഞ്ഞിരുന്നു (ആവർത്തനപുസ്തകം 18:15); മശിഹയുടെ സിംഹാസനത്തിൽ ദാവീദിന്റെ സന്തതികളിൽ ഒരാളെ ഇരുത്തും എന്നു പറഞ്ഞിരുന്നു (2 ശമുവേൽ 7:12, 13) പുറമെ, പിന്നീടു – വന്ന പ്രവാചകന്മാരായ യെശയ്യാവു, യോവേൽ, മീഖാ, ദാനിയേൽ തുടങ്ങിയവരുടെ പ്രവചനങ്ങളും ഉണ്ടായി. ‘‘യെഹോവയുടെ ആലയമുള്ള പർവ്വതം” (യെശയ്യാവ് 2:2) അതിന്റെ പുതിയ രീതിയിലുള്ള ഉപദേശം, സകല ജഡത്തിന്മേലും ആത്മാവിനെ പകരൽ, ഒരിക്കലും നശിച്ചു പോകാത്ത രാജ്യത്തിന്റെ സ്ഥാപനം എന്നിവയെല്ലാം അറിയുവാനും അനുഭവിക്കുവാനും ഇരിക്കുന്നതേയു ള്ളായിരുന്നു.

പുതിയ നിയമത്തിലെ ആദ്യ നാലു പുസ്തകങ്ങളും ഭാവിയിൽ സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങളിലേക്കു വിരൽ ചൂണ്ടുന്നവയായിരുന്നു. യേശു പറഞ്ഞു, “ഞാൻ എന്റെ സഭയെ പണിയും” (മത്തായി 16:18). ദൈവരാജ്യം ശക്തിയോടെ വരുന്നതു കാണുവോളം മരണം ആസ്വദിക്കുന്നവർ നിങ്ങളിൽ ചിലർ ഉണ്ടാകും എന്നു യേശു പറഞ്ഞിരുന്നു (മർക്കൊസ് 9:1). ‘‘ഉയരത്തിൽ നിന്നു ശക്തി ധരിക്കുവോളം നഗരത്തിൽ തന്നെ പാർപ്പിൻ” എന്നു, അവൻ തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപു അപ്പൊസ്തലന്മാരോടു പറഞ്ഞിരുന്നു (ലൂക്കൊസ് 24:49).

വലിയ മാറ്റങ്ങൾ സംഭവിച്ചു കഴിഞ്ഞതായി, പ്രവൃത്തികൾക്കു ശേഷമുള്ള പുതിയ നിയമ പുസ്തകങ്ങളിൽ കാണാം. “സഭകൾ”

ഗലാത്യയിലും (ഗലാത്യർ 1:2) ആസ്യയിലും (വെളിപ്പാട് 1:4). പുതിയ വ്യത്യസ്തമായ ആരാധനാ പരിശീലനങ്ങൾ – ഉദാഹരണമായി "കർത്തൃമേശ" (1 കൊരിന്ത്യർ 11:17–34), ആഴ്ചതോറുമുള്ള പ്രസംഗം (1 കൊരിന്ത്യർ 16:1, 2), യേശു ക്രിസ്തുവിന്റെ നാമത്തിലുള്ള പ്രാർത്ഥന (1 തെസ്സലൊനിക്യർ 5:17, 18; 1 തിമൊഥെയൊസ് 2:5; എഫെസ്യർ 5:20) – എന്നിവ ആചരിക്കാൻ തുടങ്ങി. എബ്രായർ 8:6, 7–ൽ ദൈവ നിയമത്തിന്റെ മാറ്റം പോലും പറയുന്നു.

അതുകൊണ്ട്, പ്രവൃത്തികൾ ആണ്, ദൈവത്തിന്റെ വെളിപ്പാട് നട പടിയുടെ കേന്ദ്രം. അതു ബൈബിളിലെ "ഫണ്ട്" ആണ്, ദൈവത്തിന്റെ മഹത്തായ വീണ്ടെടുപ്പു പദ്ധതിയിലെ എല്ലാറ്റിന്റേയും കേന്ദ്രമാണ് പ്രവൃത്തികളുടെ പുസ്തകം. അവന്റെ പുത്രന്റെ രക്തത്താൽ വിലക്കു വാങ്ങിയ, പിതാവിന്റെ കൃപയാലുള്ള രക്ഷക്കു വേണ്ട കൂടുതൽ പ്രവർത്തികളും ഇതിൽ ഉൾപ്പെടുന്നു (പ്രവൃത്തികൾ 20:28).

മറ്റു അറുപത്തി – അഞ്ചു പുസ്തകങ്ങളേക്കാൾ കൂടുതൽ പ്രാധാന്യ മുള്ളതല്ല പ്രവൃത്തികളുടെ പുസ്തകം, എങ്കിലും മറ്റു പുസ്തകങ്ങൾ മനസ്സിലാക്കുവാനുള്ള മുഖ്യപുസ്തകമാണ് ഇത്. പ്രവർത്തികളുടെ പുസ്തകം മനസ്സിലാക്കുവാൻ പരാജയപ്പെട്ടാൽ മറ്റു പുസ്തകങ്ങൾ മനസ്സിലാക്കുവാൻ പ്രയാസമാണ്. പ്രവൃത്തികളുടെ പുസ്തകം ബൈബിളിൽ ഇല്ലായിരുന്നു എങ്കിൽ എന്ന് ഒരു നിമിഷം ചിന്തിക്കുക. പാലമില്ലാത്ത വിടവ് കലക്കത്തിലേക്കു മാത്രമേ നയിക്കയുള്ളു. അങ്ങനെയായാൽ വർഷങ്ങളായുള്ള ദൈവത്തിന്റെ പദ്ധതി പുരോഗതി പ്രാർത്ഥിക്കുന്നതിൽ മർമ്മമായ ശൂന്യം ഒരു തടസ്സം ആയിരിക്കും.

### വിജയങ്ങൾ

കർത്താവിന്റെ ക്ഷണം സ്വീകരിച്ചതായ മുവായിരം പേരെ അംഗങ്ങളെ സഭയോടു ചേർത്തു (പ്രവൃത്തികൾ 2:41). ഈ സംഖ്യ പെട്ടെന്നു വളർന്നു സ്ത്രീകളെയും കുട്ടികളെയും കൂടാതെ, അയ്യായിരത്തിലധികം പുരുഷന്മാരായിത്തീർന്നു (പ്രവൃത്തികൾ 4:4). തുടർന്നുള്ള ദിവസങ്ങളിൽ പുരുഷാരം തന്നെ പ്രതികരിക്കയുണ്ടായി (പ്രവൃത്തികൾ 5:14). ശമര്യ തുടങ്ങിയ, മറ്റു സ്ഥലങ്ങളിലും, വലിയ നവോത്ഥാനം പ്രതികരണഫലമായുണ്ടാകുവാൻ തുടങ്ങി (പ്രവൃത്തികൾ 8:4–8). ആഫ്രിക്കൻ വൻകരയിലും "ഒരു – മനുഷ്യ നവോത്ഥാനം" ഐത്യോപ്യനിൽ സ്പർശിക്കയുണ്ടായി (പ്രവൃത്തികൾ 8:26–39).[1]

യേശുക്രിസ്തുവിനു വേണ്ടിയുള്ള ഈ വിജയത്തിനെതിരായി നീ ങ്ങിയവനായിരുന്നു; തർസൊസുകാരനായിരുന്ന, ശൗൽ (പ്രവൃത്തികൾ 9:1–22). അവന്റെ ചരിത്രപരവും, പണ്ടുണ്ടാകാത്തതും, തുല്യമല്ലാ ത്തതുമായ മിഷണറിയാത്രകൾ ഒന്നാം നൂറ്റാണ്ടിൽ അറിയപ്പെടുന്ന സ്ഥലങ്ങളിലേക്കു സുവിശേഷം വ്യാപിക്കുവാൻ സഹായിച്ചു. വാസ്തവമായും, ഉത്തേജിപ്പിക്കുന്ന വിജയവും മുന്നേറ്റവും പ്രവൃത്തി കളുടെ പുസ്തകം രേഖപ്പെടുത്തുന്നു.

## വിജയങ്ങളേക്കാൾ
## കൂടുതൽ പരാജയങ്ങൾ

ആദ്യം, ഒരിക്കൽ യെഹൂദ പെരുന്നാളുകൾ ആഘോഷിക്കുവാൻ ഒരു ദശലക്ഷത്തോളം സന്ദർശകർ[2] യെരുശലേമിൽ കൂടിവന്നപ്പോൾ, പത്രൊസിന്റെ വിളിയായ് മാനസ്സാന്തരപ്പെട്ടു സ്നാനപ്പെടുവാൻ മുന്നോട്ടു വന്നതു *മൂവായിരം പേർ മാത്രം* ആയിരുന്നു "[സന്തോഷത്തോടെ; കെജെവി] [പത്രൊസിന്റെ] വാക്കുകൾ'' കേട്ടവ രാണ് അന്നു സ്നാനമേറ്റത് (പ്രവൃത്തികൾ 2:41). വചനം *കൈക്കൊ ള്ളാത്തവരോ?* പ്രതികരണ നിരക്ക് ആ നിർണ്ണായക ദിവസം കൂടി വന്നവരുടെ കണക്കു നോക്കിയാൽ, വളരെ ഉയർന്നതായിരുന്നില്ല. ക്രിസ്തു വരുമ്പോൾ അവനെ സ്വീകരിക്കേണ്ടതിനു നയിക്കുന്നതിനു നല്കിയതായിരുന്നു മോശെയുടെ ന്യായപ്രമാണം എന്നതുകൊണ്ട് (ഗലാത്യർ 3:24), ഈ പരിശീലനവും സംസ്ക്കാരവും യെഹൂദന്മാർക്ക് ഏതാണ്ട് ആയിരത്തി അഞ്ഞൂറു വർഷം ഉണ്ടായിരുന്നു എന്നതു നോ ക്കുമ്പോൾ, .003 ശതമാനം സത്യത്തെ സ്വീകരിച്ചു എന്നതു ഏതാണ്ട് നിരാശാജനകം ആയിരുന്നു!

ആ ആദ്യദിവസം തന്നെ യെരുശലേമിൽ പ്രതികരിച്ചവരും പ്രതികരിക്കാത്തവരും ആയ ആളുകളുടെ എണ്ണം നോക്കിയാൽ, വിജയങ്ങളേക്കാൾ കൂടുതൽ പരാജയങ്ങൾ സംഭവിച്ചിരുന്നു. പതിനഞ്ചു ദേശക്കാർ അവിടെ കൂടി വന്നിരുന്നു (പ്രവൃത്തികൾ 2:9–11), യെരുശലേം അക്ഷരാർത്ഥത്തിൽ ഒരു "കൂടാര നഗരം" ആയിരുന്നു. ഓരോ വീടും കെട്ടിടവും സന്ദർശകരെക്കൊണ്ടു നിറഞ്ഞിരുന്നു, ചന്തസ്ഥലങ്ങളിലും വീഥികളിൽ തുറന്ന സ്ഥലങ്ങളിലെല്ലാം കൂടാരം അടിച്ചു ആളുകൾ തങ്ങിയിരുന്നു. കുന്നുകളിലും താഴ്വരകളിലും ചുറ്റും പ്രകൃതിദൃശ്യമായി നോക്കിയാൽ, ലോകത്തെങ്ങുനിന്നുമുള്ള കുടുംബങ്ങൾ കൂടാരം അടിച്ചിരിക്കുന്നതു കാണാം.

അന്നു മൂവായിരത്തിലധികം പേർ സ്നാനമേറ്റതു ആവേശകരവും മനോഹരവുമാണ്, എന്നാൽ *വചനം കേട്ടിട്ടു അതു കൈക്കൊള്ളാതിരുന്നവരോ?* ലൂക്കൊസ് അവരെക്കുറിച്ചു ഒന്നും രേഖപ്പെടുത്തി യിട്ടില്ല, പക്ഷെ ബൈബിൾ വിദ്യാർത്ഥികൾക്കു വരികൾക്കിടയിൽ വായി ച്ചാലും വലിയ പുരുഷാരം പ്രതികരിച്ചില്ല എന്നു തിരിച്ചറിയാൻ കഴിയും.

ലൂക്കൊസ് പിന്നീട് എഴുതി "എന്നാൽ വചനം കേട്ടവരിൽ പലരും വിശ്വസിച്ചു" (പ്രവൃത്തികൾ 4:4), എന്നാൽ ആ "പലരിലും" പെടാത്ത വരോ? ലൂക്കൊസ് "മിക്കവരും" എന്നു പറഞ്ഞില്ല; അവൻ "പലരും" എന്നേ പറഞ്ഞുള്ളു. "പലരും" കേട്ടു എങ്കിലും വിശ്വസി*ച്ചില്ല.*

കൂടാതെ, ആരാണ് സ്തെഫാനൊസിനെ കല്ലെറിഞ്ഞത്? സുവിശേഷം കേട്ട യെഹൂദന്മാരിൽപെട്ടവരല്ലേ? അവർ മുൻപു കേട്ടിരുന്നില്ലെങ്കിൽ, അവർ അന്നു സ്തെഫാനൊസിൽ നിന്നു തീർച്ച യായും കേട്ടിരിക്കാം (പ്രവൃത്തികൾ 7:1–54). യെരുശലേമിൽ സഭ ക്കുണ്ടായ ഭയങ്കര ഉപദ്രവത്തെ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു, അതുകൊണ്ട് വളരെപ്പേർ വീടുകളിൽ നിന്നും, ജോലികളിൽ നിന്നും, കുടുംബങ്ങളിൽ നിന്നും ചിതറി ദൂരെപോയി (പ്രവൃത്തികൾ 8:1–4).

കൃത്യമായും, പാലസ്തീനിലെ യെഹൂദന്മാരിൽ ഭൂരിഭാഗവും സുവിശേഷം അനുസരിച്ചില്ല.

പിന്നീട്, ദമസ്ക്കൊസിൽ സ്നാനം ഏറ്റ തർസൊസുകാരനായ ശൗലിനെ കൊല്ലുവാൻ അന്വേഷിച്ചുവന്നു? യെഹൂദന്മാരിൽ ഒരു വിഭാഗം അവനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയതായി അവൻ അറിഞ്ഞു, അവിടെ നിന്നു സഹോദരങ്ങൾ അവനെ ഒരു കുട്ടയിൽ ഇറക്കി വിട്ടതിനാൽ രക്ഷപ്പെട്ടു (പ്രവൃത്തികൾ 9:23-25). പത്രൊസ് യെരുശലേമിലേക്കു മടങ്ങി വന്നെങ്കിലും, യവനഭാഷക്കാരായിരുന്ന യെഹൂദന്മാരോടു വാദിച്ചതിനാൽ വീണ്ടും പൗലൊസിനെ കൊല്ലുവാനുള്ള ശ്രമം നടന്നു, അപ്പോൾ ശിഷ്യന്മാർ അവനെ തർസൊസിലേക്കു അയച്ചു (പ്രവൃത്തികൾ 9:29, 30).

"കൊരിന്തിൽ അനേകരും വചനം കേട്ടു വിശ്വസിച്ചു സ്നാനം ഏറ്റു" എന്നു ലൂക്കൊസ് രേഖപ്പെടുത്തിയപ്പോഴും (പ്രവൃത്തികൾ 18:8), വിശ്വസിക്കാതിരുന്നവരെപ്പറ്റി ഒന്നും പറഞ്ഞില്ല. ശബ്ബത്തുതോറും പൗലൊസ് യെഹൂദന്മാരോട് വാദിച്ചുകൊണ്ടിരുന്നതു ദുഷിക്കുവാനും അവൻ പള്ളികളിൽ പോയി ഉപദേശിക്കുന്നതിനെ തടയുകയും ചെയ്യുവാനിടയാക്കി. അവൻ പിന്നെ അവിടം വിട്ടു അടുത്തുള്ള തീത്തൊസ് യുസ്ത്തൊസിന്റെ വീട്ടിൽ ചെന്നു ഉപദേശിച്ചു (പ്രവൃത്തികൾ 18:4-7). ഒരാൾ കൊരിന്തിലുണ്ടായിരുന്ന എല്ലാ പൗരന്മാരെക്കുറിച്ചു സംശയിച്ചേക്കാം (ആ സമയത്തെ അവിടത്തെ ജനസംഖ്യം 0.25 ദശലക്ഷം ആണെന്നു പറയപ്പെടുന്നു) ആ പലരിലും "ഉൾപ്പെടാത്തവർ എത്രയോ ആയിരുന്നു."

**ഒരു പരാജയം വിശദീകരിച്ചു**

പൗലൊസിനെ യെരുശലേമിൽ തടവിലാക്കിയപ്പോൾ പാലസ്തീനിലെ നാടുവാഴിയായിരുന്നു ഫേലിക്സ് (പ്രവൃത്തികൾ 23:24). ദൈവാലയത്തിൽ നാലു പുരുഷന്മാരുടെ നേർച്ച - കഴിക്കുന്നതിൽ സഹായിക്കുവാൻ ചെന്ന പൗലൊസിന്മേൽ ജാതിയിൽപെട്ട ത്രോഫിമോസിനെ ദൈവാലയത്തിൽ കൊണ്ടു വന്നു എന്ന കുറ്റം ചുമത്തി. ബഹളം വെച്ചു അവനെ പിടിച്ചു (പ്രവൃത്തികൾ 21:17-24, 27-29). പൗലൊസ് അതിൽ നിരപരാധിയായിരുന്നു, എന്തായാലും അവനെ പിടിച്ചു കഴിഞ്ഞു. അവന്നു ന്യായാധിപസഭയോട് പ്രതിരോധിപ്പാൻ അവസരം കൊടുത്തു (പ്രവൃത്തികൾ 22:30; 23:1-10), പക്ഷെ തുടർച്ചയായ ബഹളവും നാല്പതിലധികം പുരുഷന്മാർ അവനെ കൊല്ലുവാൻ ഗൂഢാലോചന നടത്തിയതും കൊണ്ട്, യെരുശലേമിലെ റോമാ പടയാളികളുടെ അധിപനായിരുന്ന ക്ലൗദ്യോസ് ലൂസിയാസ്, അവനെ കൈസര്യയിലേക്ക് അയച്ചു (പ്രവൃത്തികൾ 23:9-13, 31-33).

കുറച്ചു ദിവസങ്ങൾക്കു ശേഷം ഫേലിക്സും അവന്റെ യെഹൂദ ഭാര്യ, ദ്രുസില്ലയും (പ്രവൃത്തികൾ 24:24), പൗലൊസിനു സദസ്സ്യരായി ത്തീർന്നു. അതു പൗലൊസിനു "നീതി, ഇന്ദ്രിയ-ജയം വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ചു" പ്രസംഗിക്കുവാനുള്ള അവസരം ഒരുക്കി (പ്രവൃത്തികൾ 24:24, 25). അത്തരം പ്രസംഗം കേട്ടിട്ടു ഫേലി

ക്സ് ഭയപരവശനായി എന്നാണ്, ലൂക്കൊസ് രേഖപ്പെടുത്തിയത്. എങ്ങനെയായാലും, പൗലൊസ് അവന്നു പണം കൊടുക്കുമെന്നു വിചാരിച്ചു, തന്റെ തീരുമാനം "അവസരം ഉള്ളപ്പോൾ" എടുക്കാം എന്നു പറഞ്ഞു (പ്രവൃത്തികൾ 24:25, 26). ആ "അവസരം" എപ്പോഴെങ്കിലും വന്നോ എന്നു, ലൂക്കൊസ് രേഖപ്പെടുത്തിയിട്ടില്ല! രണ്ടു വർഷത്തിനു ശേഷം, പിൻവാഴിയായി പെർക്ക്യൊസ് ഫെസ്തൊസ് വരികയും ദൈവശ്വാസിയ ചരിത്രം രേഖപ്പെടുത്തുവാനിടയാവുകയും ചെയ്തു.

ഒരു ദു:ഖകരമായ അസത്യാദാസനായാണ് ഫേലിക്സ് കാണപ്പെട്ടത്. അവന്റെ പശ്ചാത്തലവും പരിശീലനവും അഭക്തി നിറഞ്ഞതാക യാൽ പൗലൊസ് നിരത്തിയ ആത്മിയ വെല്ലുവിളികൾ എല്ലാം സ്വീകരി ക്കാൻ എന്തെങ്കിലും താൽപര്യം കാണിച്ചോ എന്നു സംശയമാണ്. അവൻ ജനിച്ചത് ദാസനായിട്ട്, വളർന്നതു രാജധാനിയിൽ രാജസഭാംഗമായിട്ട്, അതുകൊണ്ട് പെട്ടെന്നു തന്റെ വരുതിയിലേക്കു ആളുകളെ കൗശലത്തിൽ പാട്ടിലാക്കാൻ പഠിച്ചു. തന്നെ ആളുകൾ അനുകൂലിക്കേണ്ടതിനു പല ക്രൂരവും പ്രാകൃതവുമായ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്, യെഹൂദന്മാരുടെ മഹാപുരോഹിതനായിരുന്ന, യോനാഥനെ കൊല്ലുകയും, നാനൂറിൽ അധികം വരുന്ന യെഹൂദ പുരോഹിതന്മാരെ കൊല്ലുന്ന കൂട്ടത്തിൽ ഉൾപ്പെടുകയും ചെയ്തു. അറിയപ്പെട്ട യെഹൂദ ചരിത്രകാരൻ, ജോസെഫസ്, അവനെക്കുറിച്ചു മുഖസ്തുതിയായി അധികമൊന്നും പറയുന്നില്ല. മറ്റൊരു പ്രാരംഭ ചരിത്രകാരനായിരുന്ന, ടാസിറ്റസ്, ഫേലിക്സിനെ പുകഴ്ത്തി പറഞ്ഞു "ദാസന്റെ ആത്മാവും ആധിപത്യത്തിന്റെ ശക്തിയും" എന്നാണ്. അവൻ അവസാനം ഒരു നാടുവാഴിയുടെ അധികാരത്തിലേക്ക് ഉയരുകയും, യെഹൂദന്മാർക്കെതിരെയുള്ള പ്രതികാര നടപടിയിൽ പ്രസിദ്ധനുമായിരുന്നു.

അത്യാഗ്രഹിയും വിശ്വാസവഞ്ചകനുമായിരുന്ന ഫേലിക്സ് എമേസാ രാജാവായിരുന്ന, അസിസിന്റെ ഭാര്യയും, ഹെരോദ്യ കുടുംബത്തിലെ സ്ത്രീയുമായിരുന്ന, ദ്രുസില്ലയെ മോഷ്ടിച്ചു കൊണ്ടു പോയതായി കാണുന്നു. അവളുടെ വലിയ - മുത്തച്ഛൻ ആയിരുന്ന, മഹാനായിരുന്ന ഹെരോദാവ്, യേശുവിന്റെ ജനനസമയത്ത് ബേദ്ലഹേമിൽ ജനിച്ച ശിശുക്കളെ എല്ലാം കൊല്ലുവാൻ കല്പന കൊടുത്തിരുന്നു (മത്തായി 2:16–18). അവളുടെ വലിയ - അങ്കിൾ ആയിരുന്ന, ഹെരോദാവ് അന്തിപ്പാസ്, യോഹന്നാൻ സ്നാപകനെ കൊല്ലുവാൻ കല്പന കൊടുത്തു (മത്തായി 14:1–12). അവളുടെ അപ്പനായിരുന്ന, ഹെരോദാവ് അഗ്രിപ്പാവ്, യോഹന്നാന്റെ സഹോദരനായിരുന്ന, യാക്കൊബിനെ കൊല്ലുകയും, പത്രൊസിനെ കൊല്ലുവാൻ വിചാരിക്കയും ചെയ്തു (പ്രവൃത്തികൾ 12:1, 2). ഇവരേക്കാൾ സ്വാർത്ഥതയും, അത്യാഗ്രഹവും, നീചവും, വിശ്വാസവഞ്ചനയുമുള്ള ദമ്പതികളെ ഒരാൾക്കു ഊഹിക്കാൻ തന്നെ പ്രയാസമാണ്. ഏതെങ്കിലും അഭക്തരായിരുന്ന ദമ്പതികൾക്കു സുവിശേഷം ആവശ്യമായിരുന്നെങ്കിൽ, അതു ഫേലിക്സ് ദ്രുസില്ല ദമ്പതികൾക്കായിരുന്നു.

യെഹൂദന്മാർക്ക് എങ്ങനെ പൗലൊസിനെ വെറുത്തു ഈ മനുഷ്യന്റെ അടുക്കൽ വിചാരണക്കു കൊണ്ടുവരുവാൻ തോന്നി! അവർ

ഫേലിക്സിനെ വെറുത്തിരുന്നു, എന്നാൽ അതിൽ കൂടുതൽ അവർ പൗലൊസിനെ വെറുത്തിരുന്നു.

**പ്രസംഗം അവൻ കേട്ടു**

പൗലൊസ് "നീതി, ഇന്ദ്രിയ - ജയം വരുവാനുള്ള ന്യായവിധി" എന്നിവയെക്കുറിച്ചു പ്രസംഗിച്ചു (പ്രവൃത്തികൾ 24:25). ഈ പ്രസിദ്ധ ദുർന്നടപ്പുകാരോടു ഏറ്റുമുട്ടുവാൻ അവൻ മടിച്ചില്ല. വ്യഭിചാരകൾക്കുള്ള ദൈവത്തിന്റെ മുന്നറിയിപ്പുകൾ നല്കുന്നതിൽ അവൻ ഉപേക്ഷ വിചാരിച്ചില്ല. അവരുടെ വ്യക്തമായ പാപങ്ങൾക്കു നിർദ്ദേശങ്ങൾ നല്കുന്നതു അവൻ ഒഴിവാക്കിയില്ല. അവരുടെ ജീവിതത്തിലെ അപകട സാധ്യതകൾ അറിയിക്കാതെ അവൻ ഒഴിഞ്ഞുമാറിയില്ല.

അനീതിയോടെ ജീവിച്ച ദമ്പതികളോട്, അവൻ ശരിയായ ജീവിത രീതി, "നീതി" എന്തെന്ന് അറിയിച്ചു. സ്വാർത്ഥ താല്പര്യത്തോടെ ജീവിച്ച ഏതൊരാളെയും പോലെ അവർ രണ്ടുപേരും ആയിരുന്നതു കൊണ്ട് പൗലൊസ് അവരോട് "ഇന്ദ്രിയ - ജയം" പ്രസംഗിച്ചു. അവർ ദൈവത്തിലേക്കു തിരിഞ്ഞില്ലെങ്കിൽ, അവർക്കു വരുവാനുള്ള അനന്തരഫലമായ "ന്യായവിധി" അവരെ അറിയിക്കുന്നതിൽ നിന്നു അവൻ ഒഴിഞ്ഞുമാറിയില്ല.

ഒരു സുവിശേഷ പ്രാസംഗികൻ ആയി പൗലൊസ് ഇവിടെ ശോഭിക്കുന്നു; അവൻ ആളുകളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവേഷ്ടം മാത്രമല്ല ഫേലിക്സിനോടും ദ്രുസില്ലയോടും പറഞ്ഞത്, അവർ മാനസാന്തരപ്പെട്ടില്ലെങ്കിൽ ഈ ലോകജീവിതത്തിനുശേഷം എന്തു സംഭവിക്കുമെന്നും പറഞ്ഞു. അവൻ അവരുടെ പാപങ്ങൾക്കു ചുറ്റും സംസാരിക്കുകയല്ല ചെയ്തത്; പിന്നെയോ അവരുടെ പാപങ്ങളെ നേരിട്ട് അവരോടു അറിയിക്കയും അതിന്റെ അനന്തരഫലത്തെ ഓർപ്പിക്കയുമാണ് ചെയ്തത്. ഡസൻ കണക്കിനു മറ്റു വിഷയങ്ങൾ പൗലൊസിന് സംസാരിക്കാമായിരുന്നു, എന്നാൽ അവൻ "പ്രശ്നത്തോടാണ് പ്രസംഗിച്ചത്." നൂറു കണക്കിനു യെഹൂദന്മാരെ കൊന്ന ഫേലിക്സിന്റെ പശ്ചാത്തലം അറിഞ്ഞ്, ഫേലിക്സിന്റെ കൈകൊണ്ടു തന്നെ ആ കരിന്തിരി തട്ടിക്കളയേ ണ്ടതാണെന്നും പൗലൊസ് അറിഞ്ഞിരുന്നു. പ്രശ്നത്തിൽ നിന്നു അവൻ ഒഴിഞ്ഞുമാറുകയോ പതറുകയോ ചെയ്തില്ല; *അവൻ പാപികളോടു സുവിശേഷം പ്രസംഗിച്ചു*! ഓ, ഇന്നത്തെ പ്രസംഗ പീഠത്തിലെ പ്രാസംഗികർ ദൈവത്തിന്റെ സത്യം പാപികളോടു അവരുടെ പാപത്തെക്കുറിച്ചു പറയുവാൻ മടങ്ങി വരട്ടെ! വേറെ എങ്ങനെ അവരുടെ പാപങ്ങൾ മോചിക്കപ്പെടും?

**അവൻ നല്കിയ പ്രതികരണം**

ഫേലിക്സ് ഭയപരവശനായി. ഒരുപക്ഷെ അവന്റെ പിന്നിൽ പതിയിരിക്കുന്ന നിത്യനാശത്തെ അവൻ കേട്ടിരിക്കാം, വേഗത്തിൽ വന്നു തന്റെ അഭക്തിയുള്ള ജീവിതത്തെ പിടിക്കുന്നതായി. പാപത്തെക്കുറിച്ചു നേരിട്ടു സംസാരിക്കുന്നതു കൂടുതൽ കേട്ടുകൊണ്ടിരിക്കാൻ അവൻ

അശക്തനായി, അതുകൊണ്ട് അവർ പൗലൊസിനെ പറഞ്ഞയച്ചുകൊണ്ട്, അവസരം ഉള്ളപ്പോൾ വീണ്ടും വിളിക്കാം എന്നു ഓർപ്പിച്ചു. ഫേലിക്സ് പൗലൊസുമായി പണത്തിനുവേണ്ടി ഒരു ''ഏർപ്പാട്'' ഉണ്ടാക്കാമെന്നു വിചാരിച്ചതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ സാഹചര്യത്തിലും പരസ്യമായി ഫേലിക്സ് കൈക്കൂലി വാങ്ങുവാൻ ആഗ്രഹിച്ചു!

ദ്രുസില്ല തികച്ചും വ്യത്യസ്തയായിരുന്നു! പൗലൊസിന്റെ പ്രസംഗം അവളിൽ ഒരു കുലുക്കവും ഉണ്ടായതായി പറഞ്ഞിട്ടില്ല. യെഹൂദ സംസ്ക്കാരത്തിൽ വളരുകയും മോശെയുടെ ന്യായപ്രമാണ പരിചയം ഉണ്ടാവുകയും ചെയ്തിട്ടും, അവളുടെ തിരഞ്ഞെടുപ്പ് അവൾ വർഷങ്ങൾക്കു മുൻപു തന്നെ നടത്തി. അവൾ തന്റെ സ്വാർത്ഥതയിൽ തന്നെ ജീവിക്കാൻ തീരുമാനിച്ചു, ഒരു മതഭ്രാന്തനെന്നു അവൾ കണക്കാക്കിയ ഒരാളുടെ മുന്നറിയിപ്പുകൾ അവൾക്കു സ്വീകാര്യ മായില്ല. "വഴിയരികിലെ മണ്ണ്" പോലെ, സുവിശേഷം അവളുടെ ഹൃദയത്തിൽ കൃത്യമായി ചെന്നു പതിച്ചെങ്കിലും തെറിച്ചു പോയി (ലൂക്കൊസ് 8:5, 12).

ഫേലിക്സ് "അവസരം ഉള്ളപ്പോൾ" എന്നു പ്രകടിപ്പിച്ചു. ക്രിസ്തു വിലേക്കുള്ള പരിവർത്തനം എപ്പോഴെങ്കിലും സൗകര്യപ്രദമായിട്ടു ണ്ടോ? തന്നെ അനുഗമിക്കുവാൻ വന്നവരോടു ആദ്യം യേശു പറ ഞ്ഞതു തന്നെത്താൻ ത്യജിക്കുവാനാണ് (മത്തായി 16:24). ഒരാളുടെ സ്വന്ത ഇഛകൾ ത്യജിക്കുന്നതിനുള്ള സൗകര്യപ്രദമായ സമയം വരു ന്നതു വളരെ പ്രയാസമാണ്. ഫേലിക്സ് നീട്ടി വെച്ചതിന്റെ യഥാർത്ഥ കാരണം അവൻ തന്റെ പാപത്തെയും സ്വാർത്ഥതയെയും ഉപേക്ഷി ക്കുവാൻ മടിച്ചതാണ്. അവന്റെ ഹൃദയം, വാസ്തവത്തിൽ സുവിശേഷ ത്താൽ സ്പർശിച്ചിരുന്നെങ്കിൽ, ദഹിപ്പിക്കുന്ന സത്യത്തിന്റെ ജ്വാലയാൽ അവന്റെ മോഹപ്രളയം, അത്യാഗ്രഹം, അഹംഭാവം, അഭിലാഷം, സ്വാർ ത്ഥത എന്നിവ ചാമ്പലാക്കുമായിരുന്നു.

ഫേലിക്സിനു എപ്പോഴെങ്കിലും താൻ വ്യഭിചാരത്തിലേർപ്പെട്ട ദ്രുസില്ലയെ മോഷ്ടിച്ചെടുത്ത അസിസ് രാജാവിനു തിരിച്ചു ഏല്പിക്കു വാനുള്ള സൗകര്യം എപ്പോഴെങ്കിലും കിട്ടിയോ? അത്തരം സൗകര്യം ഫേലിക്സിനു ലഭിച്ചതായി സംശയമാണ്. മറിച്ചു, അതു ഒരു ഉയർന്ന ക്രമത്തിനു മാനഹാനി ആവുമായിരുന്നു. പുരോഹിതന്മാരെ കൊന്ന തിനു യെഹൂദ ജനത്തോടു മാപ്പു പറയാൻ അവനു എപ്പോഴെങ്കിലും തോന്നിയോ? അതിനും അവനു സൗകര്യപ്രദമായ സമയം വന്നില്ല.

ആർക്കും - സൗകര്യത്താൽ വരുന്നതല്ല ക്രിസ്തുവിലേക്കുള്ള പരിവർത്തനം! ക്രിസ്തുവിലേക്കുള്ള പരിവർത്തനത്തിനു വിലയുണ്ട്. അതിന്നു ഒരാൾക്കുള്ളതെല്ലാം: വ്യക്തിയെക്കുറിച്ചുള്ളതെല്ലാം വിലയായി നല്കണം; ഒരു വ്യക്തി ഭാവിയിലെന്തെല്ലാം ചെയ്യുമോ എങ്ങനെ ആയിരിക്കുമോ അതെല്ലാം വിലയായി നല്കണം. അതിന്റെ ഏറ്റവും ഉയർന്ന മുൻഗണന സ്വയം - ത്യജിക്കലാണ്. ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുക എന്നാൽ ഒരാളുടെ സ്വന്തം ആശയങ്ങളെയും ആഗ്രഹങ്ങളെയും അനുസരിച്ചുള്ള ജീവിതം നിർത്തുക എന്നതാണ്. ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുക എന്നാൽ തീർച്ച,

വിശുദ്ധീകരണവും, സമർപ്പണവും, ധൈര്യവുമാണ്. സൗകര്യം ആരെയും ക്രിസ്തുവിലേക്കു നയിക്കുകയില്ല!

**ഉപസംഹാരം**

ക്രിസ്തുവിലേക്കു പരിവർത്തനങ്ങളാൽ ആഹ്ലാദിപ്പിക്കുന്ന പുസ്തകമാണ് പ്രവൃത്തികൾ, എങ്കിലും പല പരാജയങ്ങളും, സുവിശേഷം നിഷേധിച്ച പാപികളുടെ വിവരണവും അതു രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു മുഖ്യ തിരസ്ക്കരണം ഫേലിക്സിന്റേതായിരുന്നു. വിട്ടുവീഴ്ച്ച അന്വേഷിച്ചതുകൊണ്ട് അവൻ നിത്യചരിത്രത്തിന്റെ താഴേക്കു പോയി – ദൈവം ഒരിക്കലും വിട്ടുവീഴ്ച്ച നല്കിയിട്ടില്ല.

പാപത്തിന്റെ ശമ്പളം ഇപ്പോഴും മരണം അത്രെ (റോമർ 6:23). നേരെ മറിച്ച്, ദൈവത്തിന്റെ കൃപാ ദാനമോ ക്രിസ്തുവിൽ നിത്യജീവനത്രെ. തിരഞ്ഞെടുപ്പ് എപ്പോഴും വ്യക്തികൾക്കായി വിട്ടിരിക്കുന്നു. ദൈവം തുടർച്ചയായി രക്ഷ നല്കുന്നു. കേൾക്കുന്ന ഓരോ ഹൃദയവാതില്ക്കലും യേശു തുടർച്ചയായി, പ്രവേശനത്തിനു മുട്ടിക്കൊണ്ടിരിക്കുന്നു (വെളിപ്പാട് 3:20–22). പാപത്തിന്റെ അനന്തര ഫലവും ഭയങ്കര ഭാരവും ക്രിസ്തുവിലേക്കുള്ള ജീവിതവുമായി താര തമ്യം ചെയ്താൽ, അവന്റെ നുകം മൃദുവും അവന്റെ ചുമട് ലഘുവു മാകുന്നു (മത്തായി 11:28–30).

---

കുറിപ്പുകൾ

[1]രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ എത്യോപ്യയിലും അടുത്തുള്ള ആഫ്രിക്കൻ ദേശങ്ങളിലും, കർത്താവിന്റെ സഭയുടെ ഇടവകകൾ വളർന്നുകൊണ്ടിരുന്നു. അതു ഇത്തരം "ഒരുദിവസം, ഒരു – മനുഷ്യന്റെ നവോത്ഥാനം" എന്ന കണക്കിലാണോ എന്ന് സംശയിച്ചേക്കാം! [2]ചില ചരിത്രകാരന്മാർ ജനക്കൂട്ടത്തെ കണക്കാക്കിയതു 1.5 നും 2 നും മദ്ധ്യേയുള്ള ലക്ഷം സന്ദർശകർ ഉണ്ടായിരുന്നു എന്നാണ്!

© 2009 Truth for Today